## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് പെൻഷൻ

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :272

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, എം. എ. വാഹീദ്<br>,, വി. പി. സജീന്ദ്രൻ<br>,, ബെന്നി ബെഹനാൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് 100 ദിവസം തൊഴിൽ പൂർത്തിയാക്കുന്ന വർക്ക് പെൻഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ, തൊഴിലുറപ്പ് പദ്ധതിയിൽ ഒരു വർഷം 100 ദിവസം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഒരു പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാ ണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി യുടെ വിശദമായരൂപം തയ്യാറാക്കി വിജ്ഞാപനം ചെയ്തിട്ടില്ല. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാ ക്കുമോ; | (ബി) | പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാ ളികൾക്ക് 60 വയസ് തികയുമ്പോൾ പ്രസ്തുത തൊഴിലാളികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന തുകയുടെ ആനുപാതികമായി പ്രതിമാസപെൻഷൻ ആജീവനാന്തം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയു മായി സഹകരിക്കുന്നത്; വിശദാംശ ങ്ങൾ എന്തെല്ലാം; | (സി) | കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളു ടെയും തൊഴിലാളികളുടെയും സംയുക്ത പങ്കാളിത്തത്തോടെയാണ് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാർ വിഹിതമായ 1000/- രൂപയും സ്വാവലംബൻ പദ്ധതിയിൽ 1000/- രൂപ കേന്ദ്രവിഹി തമായും പദ്ധതിയിലേക്ക് നിക്ഷേപി ക്കപ്പെടുന്നതിനു പുറമേ തൊഴിലാളി വിഹിതവും ഈ പദ്ധതിയിലേക്ക് വർഷം തോറും നിക്ഷേപിക്കാ വുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | പെൻഷൻ പദ്ധതിയിലേക്കായി സംസ്ഥാന വിഹിതം വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ